**ഇഹ്സാൻ**

# അയോധ്യയിൽ വീണ്ടും കോൺഗ്രസ്സിന്റെ സമ്മാനം

**ബാബരിമസ്ജിദ്** വളപ്പിലെ താൽക്കാലിക രാമക്ഷേത്രത്തിന്റെ തുണിപ്പന്തലൊന്ന് മാറ്റിയിടാൻ കഴിഞ്ഞ പത്തു വർഷക്കാലം സംഘ്പരിവാർ പരിശ്രമിച്ചിരുന്നു. സുപ്രീംകോടതി വിലക്കിയതുകൊണ്ട് എൻ.ഡി.എ സർക്കാറിന്റെ കാലത്തു പോലും അത് നടന്നില്ല. പക്ഷേ കോൺഗ്രസ് നയിക്കുന്ന യു.പി.എ സർക്കാറിന്റെ മേൽനോട്ടത്തിൽ ഇപ്പോൾ ഇരുചെവിയറിയാതെ കാര്യം നടന്നു. അയോധ്യയുടെ റിസീവർ ഭരണം ഇപ്പോൾ യു.പി.എ സർക്കാറിന്റേതാണല്ലോ. സംഭവം നടന്ന് രണ്ടാമത്തെ ആഴ്ചയിലേക്കു കടന്നിട്ടും വേണ്ടവിധത്തിൽ എവിടെയും അത് വാർത്തയായിട്ടില്ല. പക്ഷേ യു.പി തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സ്ഥിതിക്ക് ഏതു സമയത്തും ഇത് വാർത്തയായി മാറാനുമിടയുണ്ട്. ഏറ്റവും മികച്ച അവസരം എപ്പോഴെന്ന് രാഷ്ട്രീയ പാർട്ടികൾ നിശ്ചയിക്കേണ്ട കാലതാമസമേയുള്ളൂ.

ബാബരിമസ്ജിദ് തകർത്ത് അതേ തറയിൽ കെട്ടിപ്പൊക്കിയ താൽക്കാലിക ക്ഷേത്രമാണ് അലകും കൂരയും മാറ്റി പുതുക്കിയിട്ടുള്ളത്. 1992 ഡിസംബർ ആറിനുശേഷം ഈ പന്തലിലാണ് പൂജയും മറ്റും നടക്കുന്നത്. സുപ്രീംകോടതി ഉത്തരവനുസരിച്ച സ്റ്റാറ്റസ്കോ നിലനിൽക്കുന്ന ഈ ഭൂമിയിൽ ഒരുവിധ നിർമാണപ്രവർത്തനങ്ങൾക്കും വർഷങ്ങളായി ആർക്കും അനുമതി കിട്ടിയിരുന്നില്ല. ഈ വളപ്പിനകത്തേക്ക് ഒരു കല്ലെങ്കിലും കടത്താനുള്ള അനുവാദം ചോദിച്ചായിരുന്നു വാജ്പേയി സർക്കാർ 2002-ൽ കോടതിയെ സമീപിച്ചത്. കോടതി നിഷ്കരുണം അത് നിരസിക്കുകയാണ് ചെയ്തത്. ഇതെല്ലാമാണെങ്കിലും 1949-ൽ മസ്ജിദിനകത്ത് അർധരാത്രിയിൽ കൊണ്ടുവെച്ച വിഗ്രഹം ഈ തറയിൽനിന്ന് ഒരു ചുവടു പോലും മാറ്റാതെ വിശാലമായ രാമക്ഷേത്രം നിർമിക്കുമെന്നാണ് വിശ്വഹിന്ദു പരിഷത്തിന്റെ പ്രഖ്യാപനം. യഥാർഥ ഭൂമി മസ്ജിദിന്റേതാണോ, ക്ഷേത്രത്തിന്റേതാണോ എന്നു തീരുമാനിക്കാനുള്ള കേസ് കോടതിയിൽ ഒരുഭാഗത്ത് നടക്കുന്നുണ്ടെങ്കിലും ഉടമസ്ഥാവകാശക്കേസിൽ വിധി വന്നാൽ അത് അംഗീകരിക്കുമെന്ന് വി.എച്ച്.പി ഇന്നേവരെ സമ്മതിച്ചിട്ടുമില്ല. ഇങ്ങനെയെല്ലാം അതിവൈകാരികവും കുഴഞ്ഞുമറിഞ്ഞതുമായ ഒരു കേസിലാണ് നിയമത്തിന്റെ വഴികൾ മറികടന്ന് ഏതാനും ഉദ്യോഗസ്ഥന്മാർ പന്തൽ അഴിച്ചുമാറ്റിക്കെട്ടിയതും അതിന്റെ കാലുകൾ പുതുക്കി സ്ഥാപിച്ചതും.

സംഭവം പുറത്തറിഞ്ഞാൽ കോൺഗ്രസ്സിന് കിട്ടുന്ന നേട്ടം കുറച്ചൊന്നുമല്ല. ബി.ജെ.പിയോട് പ്രേമം തോന്നിയിരുന്ന യു.പിയിലെ വോട്ടർമാർ കോൺഗ്രസ്സാണ് തമ്മിൽ ഭേദമെന്ന് മാറിച്ചിന്തിക്കാൻ തുടങ്ങും. മുസ്‌ലിംകൾ തങ്ങളുടെ ഒപ്പം വന്നില്ലെങ്കിലും സമാജ്‌വാദിയെ വെറുക്കാൻ തുടങ്ങും. മുസ്‌ലിംകളുടെ 'ചാമ്പ്യനായ' മുലായം സിംഗിന് തിരിച്ചടിയേൽക്കുമെന്ന് തീർച്ച. പള്ളി പൊളിച്ചതിനെ കുറിച്ച കേസും കൂട്ടവും ഇന്നും തുടങ്ങിയേടത്താണല്ലോ കിടപ്പ്. പലതവണ ആവശ്യപ്പെട്ടിട്ടും മുലായം ഒരു തീരുമാനമെടുത്തിട്ടില്ല. അദ്വാനി കുറ്റവാളിയാണോ അല്ലേ എന്ന വിഷയത്തിൽ സംസ്ഥാന സർക്കാറാണ് കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടത്. അക്കാര്യത്തിൽ എന്തുമാത്രം സാങ്കേതികതടസ്സങ്ങളാണ് രാജ്യത്ത്! എന്നാൽ മറുഭാഗത്ത് പള്ളിപൊളിച്ച് കെട്ടിപ്പൊക്കിയ പന്തലിന് 'ബുള്ളറ്റ്പ്രൂഫ് സുരക്ഷ' വേണം. അതിന്റെ പഴകിയ തുണി മാറ്റിയിടണം. അതിനൊക്കെ ഒരു നിയമവും കോടതിയും സ്റ്റാറ്റസ്കോയും ബാധകവുമല്ല. ഏറ്റവും താഴേക്കിടയിലുള്ള നാലഞ്ച് ഉദ്യോഗസ്ഥർ മാത്രം വിചാരിച്ചാൽ മതി. കേന്ദ്രവും സംസ്ഥാനവുമെല്ലാം അക്കാര്യത്തിൽ അഹമഹമികയാ മുന്നിലുണ്ടു താനും.

സംസ്ഥാനഭരണത്തിൽ നിലനിന്ന അനിശ്ചിതാവസ്ഥ മുതലെടുത്ത് ഏതാനും ഉദ്യോഗസ്ഥന്മാരാണ് ഇത് ചെയ്തതെന്ന വിശദീകരണമുണ്ടെങ്കിലും രാഷ്ട്രീയ നേതൃത്വത്തിന്റെ അനുഗ്രഹമില്ലാതെ ഇത്തരമൊരു സംഭവം നടക്കുമെന്ന് കരുതാൻ ഒരു ന്യായവുമില്ല. ഈ സംഭവത്തോട് എന്താവും മുസ്‌ലിംകളുടെ പ്രതികരണമെന്ന ആശങ്കയും എല്ലാവരിലുമുണ്ട്. വിഷയത്തെ രാഷ്ട്രീയമായി സമീപിക്കേണ്ടതില്ലെന്ന് മുസ്‌ലിംകൾ തത്ത്വത്തിൽ തീരുമാനിച്ചതായാണ് സൂചന. ഇക്കാര്യത്തിൽ കോടതി ഇടപെടുന്നതാണ് നല്ലതെന്ന് അവർ കരുതുന്നു. മുലായമിന്റെ ഉദ്യോഗസ്ഥന്മാരാണ് ചെയ്തതെന്ന് കോൺഗ്രസ്സിനും കോൺഗ്രസ് നയിക്കുന്ന കേന്ദ്രസർക്കാറിന്റേതാണ് റിസീവർ ഭരണമെന്ന് മുലായമിനും തർക്കിച്ചുനിൽക്കാം. അനധികൃതമായി കെട്ടിയ പന്തൽ എന്തുചെയ്യണമെന്നത് ഈ ബഹളത്തിനിടയിൽ മുങ്ങിപ്പോവുകയും ചെയ്യും.

യു.പി തെരഞ്ഞെടുപ്പ് മുന്നിൽകണ്ട് കോൺഗ്രസ് തുടക്കമിട്ട നീക്കങ്ങളാണ് ഇപ്പോഴത്തെ സംഭവത്തിനു പിന്നിൽ. അസംബ്ലിയിൽ ഇപ്പോഴുള്ള പത്ത് സീറ്റ് കുത്തനെ കയറി 200-നു മുകളിലെത്തണമെന്നാണ് പാർട്ടിയുടെ സ്വപ്നമെന്നു തോന്നുന്നു. മുലായമിനെ പിരിച്ചുവിടാൻ ശ്രമിച്ചതിന്റെ കാരണം അതായിരുന്നുവത്രെ. പക്ഷേ, മുലായമിനെ പിരിച്ചുവിട്ടിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന രാഷ്ട്രീയനേട്ടം എന്താണെന്ന് യുക്തിസഹമായ ഭാഷയിൽ ഒരു കോൺഗ്രസ് നേതാവും ഇതേവരെ വിശദീകരിച്ചിട്ടില്ല. എന്തായാലും കോൺഗ്രസ്സിന്റെ മൃദു ഹിന്ദുത്വ അജണ്ട യു.പി തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിനും എത്രയോ മുമ്പേ ആരംഭിച്ചതിന്റെ സൂചനയാണ് അയോധ്യയിൽ കാണുന്നതെന്ന് വ്യക്തം. ■